15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4569 — 13-03-2023 - ൽ മറുപടിയ്ക്ക്

കോഴിക്കോട് ആദിവാസി യുവാവ് തൂങ്ങിമരിച്ച സംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി പരിസരത്ത് വിശ്വനാഥൻ എന്ന ആദിവാസി യുവാവ് തൂങ്ങിമരിച്ചതിന് പിന്നിൽ ജനമധ്യത്തിൽ അപമാനിതനായതിന്റെ മാനസിക വിഷമമാണെന്ന മെഡിക്കൽ കോളേജ് അസിസ്റ്റൻറ് കമ്മീഷണറുടെ റിപ്പോർട്ട് വകുപ്പ് പരിശോധിക്കുകയുണ്ടായോ; വിശദമാക്കുമോ; | (എ) | **മെഡിക്കൽ കോളേജ് പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ട്. വിശ്വനാഥൻ എന്നയാൾ 07.02.2023 തീയതി മുതൽ ഭാര്യയുടെ പ്രസവവുമായി ബന്ധപ്പെട്ട് കോഴിക്കോട് ഐ.എം.സി.എച്ചിൽ കൂട്ടിരിപ്പുകാരനായി നിൽക്കവെ 10.02.2023 തീയതിയിൽ പുലർച്ചെ 2-നും 2.10-നമിടയിൽ ടിയാൻ കിടന്നുറങ്ങിയ ഐ.എം.സി.എച്ചിന്റെ മുറ്റത്ത് നിന്നും എങ്ങോട്ടോ ഇറങ്ങി പോയതിൽ പിന്നെ കാണാനില്ല എന്നകാര്യത്തിന് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ Cr. No. 156/23 U/S 57 of Act ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരവെ കാണാതായ വിശ്വനാഥൻ എന്ന ആളെ കോഴിക്കോട് ഐ.എം.സി.എച്ചിന്റെ തെക്ക് ഭാഗത്തുള്ള കീരൻ കുഴിപ്പുറമ്പ് എന്ന സ്ഥലത്ത് മരക്കൊമ്പിൽ തൂങ്ങി മരണപ്പെട്ടതായി കാണപ്പെടുകയുണ്ടായി. കേസിന്റെ വകുപ്പിൽ 57 of KP Act വകുപ്പ് മാറ്റി CrPC 174 കൂട്ടിച്ചേർത്ത് അന്വേഷണം നടത്തി വരവെ സി.സി.റ്റി.വി ദൃശ്യങ്ങൾ ശേഖരിച്ച് വിശദമായി പരിശോധിച്ചതിൽ മരണപ്പെട്ട പട്ടികവർഗ വിഭാഗക്കാരനായ വിശ്വനാഥൻ എന്നയാളെ മാതൃശിശു സംരക്ഷണ കേന്ദ്രത്തിലെ മെയിൻ ഗേറ്റിലും പരിസരത്തും വെച്ച് കുറച്ച് ആളുകൾ മോഷണ കുറ്റം ആരോപിച്ച് തടഞ്ഞ് നിർത്തി ചോദ്യം ചെയ്യുതിലും ടിയാന്റെ കൈവശമുണ്ടായിരുന്ന സഞ്ചി പരിശോധിയ്ക്കുകയും മറ്റും ചെയ്യതിലും ജനമധ്യത്തിൽ അപമാനിതനാകുകയും മാനസിക വിഷമം നേരിടുകയും ചെയ്യതിനാൽ വിശ്വനാഥൻ തൽസമയം സ്ഥലത്ത് നിന്നും ഇറങ്ങിപ്പോയി ആത്മഹത്യ ചെയ്യതാണെന്നു വെളിവായിട്ടുണ്ട്. നിലവിൽ കേസിന്റെ കുറ്റം വകുപ്പിൽ നിന്നും Sec.174** |

| | | | |
|---|---|---|---|
| | | | **CrPC വകുപ്പ് മാറ്റി Sec.341, 306, r/w, 34 IPC & Sec 3(2) (V), 3(2) (Va), 3(i) (r) of SC/ST PA Act കൂട്ടി ചേർത്തിട്ടുള്ളതാണ്.** |
| (ബി) | ആളുകൾ തടഞ്ഞു നിർത്തുകയും മോഷണക്കുറ്റം ആരോപിച്ച് സഞ്ചി പരിശോധിക്കുകയും ചെയ്തതിന്റെ വിഷമത്തിലാണ് വിശ്വനാഥൻ ആത്മഹത്യ ചെയ്തതെന്ന് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | **മെഡിക്കൽ കോളേജ് പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ട്. വിശ്വനാഥൻ എന്നയാൾ 07.02.2023 തീയതി മുതൽ ഭാര്യയുടെ പ്രസവവുമായി ബന്ധപ്പെട്ട് കോഴിക്കോട് ഐ.എം.സി.എച്ചിൽ കൂട്ടിരിപ്പുകാരനായി നിൽക്കവെ 10.02.2023 തീയതിയിൽ പുലർച്ചെ 2-നും 2.10-നുമിടയിൽ ടിയാൻ കിടന്നുറങ്ങിയ ഐ.എം.സി.എച്ചിന്റെ മുറ്റത്ത് നിന്നും എങ്ങോട്ടോ ഇറങ്ങി പോയതിൽ പിന്നെ കാണാനില്ല എന്നകാര്യത്തിന് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ Cr. No. 156/23 U/S 57 of Act ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരവെ കാണാതായ വിശ്വനാഥൻ എന്ന ആളെ കോഴിക്കോട് ഐ.എം.സി.എച്ചിന്റെ തെക്ക് ഭാഗത്തുള്ള കീരൻ കുഴിപ്പറമ്പ് എന്ന സ്ഥലത്ത് മരക്കൊമ്പിൽ തൂങ്ങി മരണപ്പെട്ടതായി കാണപ്പെടുകയുണ്ടായി. കേസിന്റെ വകുപ്പിൽ 57 of KP Act വകുപ്പ് മാറ്റി CrPC 174 കൂട്ടിച്ചേർത്ത് അന്വേഷണം നടത്തി വരവെ സി.സി.റ്റി.വി ദൃശ്യങ്ങൾ ശേഖരിച്ച് വിശദമായി പരിശോധിച്ചതിൽ മരണപ്പെട്ട പട്ടികവർഗ വിഭാഗക്കാരനായ വിശ്വനാഥൻ എന്നയാളെ മാതൃശിശു സംരക്ഷണ കേന്ദ്രത്തിലെ മെയിൻ ഗേറ്റിലും പരിസരത്തും വെച്ച് കുറച്ച് ആളുകൾ മോഷണ കുറ്റം ആരോപിച്ച് തടഞ്ഞ് നിർത്തി ചോദ്യം ചെയ്തതിലും ടിയാന്റെ കൈവശമുണ്ടായിരുന്ന സഞ്ചി പരിശോധിയ്ക്കുകയും മറ്റും ചെയ്തതിലും ജനമധ്യത്തിൽ അപമാനിതനാകുകയും മാനസിക വിഷമം നേരിടുകയും ചെയ്തതിനാൽ വിശ്വനാഥൻ തൽസമയം സ്ഥലത്ത് നിന്നും ഇറങ്ങിപ്പോയി ആത്മഹത്യ ചെയ്തതാണെന്നു വെളിവായിട്ടുണ്ട്. നിലവിൽ കേസിന്റെ കുറ്റം വകുപ്പിൽ നിന്നും Sec.174 CrPC വകുപ്പ് മാറ്റി Sec.341, 306, r/w, 34 IPC & Sec 3(2) (V), 3(2) (Va), 3(i) (r) of SC/ST PA Act കൂട്ടി ചേർത്തിട്ടുള്ളതാണ്.** |
| (സി) | പ്രസ്തുത സംഭവത്തിൽ കുറ്റക്കാരായവർക്കെതിരെ ശിക്ഷാനടപടികൾ ഉറപ്പാക്കുന്നതിനായി വകുപ്പ് എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | **ആഭ്യന്തര വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നുണ്ട്.** |
| (ഡി) | സാമൂഹികമായ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടാത്തതിന്റെ ഇരയായി തീർന്ന | (ഡി) | **പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വിശ്വനാഥന്റെ കുടുംബത്തിന് 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ** |

| | | | |
|---|---|---|---|
| | വിശ്വനാഥന്റെ കുടുംബത്തിന് സാമ്പത്തിക സഹായം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | **മാത്രം) സാമ്പത്തിക സഹായം അനുവദിക്കുകയും വകുപ്പ് മന്ത്രി പ്രസ്തുത കുടുംബത്തെ സന്ദർശിച്ച് തുക കൈമാറുകയും ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ